<u>പതിനാലാം കേരള നിയമസഭ</u>

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3109 07.11.2019 -ൽ മറുപടിയ്ക്ക്

<u>പൊതുവിദ്യാലയങ്ങൾക്കായുള്ള ഐ.ടി.മേള പരിഷ്കരണം</u>

ചോദ്യം

ഉത്തരം

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

**ശ്രീ. സി.ദിവാകരൻ**
**ശ്രീ.കെ.രാജൻ**
**ശ്രീ.മുഹമ്മദ് മുഹസിൻ.പി.**
**ശ്രീമതി. സി.കെ.ആശ**

| | |
|---|---|
| എ) പൊതുവിദ്യാലയങ്ങൾ ഹൈടെക് ആയ സാഹചര്യത്തിൽ ഐ.ടി മേളയുടെ നടത്തിപ്പിൽ കാതലായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ;വിശദമാക്കുമോ; | എ) ഉണ്ട് ; മത്സരത്തിന് നിലവിലുണ്ടായിരുന്ന ഇനങ്ങൾ കൂടാതെ സ്ക്രാച്ച് പ്രോഗ്രാമിങ്, അനിമേഷൻ നിർമ്മാണം എന്നിവ കുട്ടികൾക്കും ഐസിടി സങ്കേതങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ടീച്ചിംഗ് എയ്ഡ് നിർമ്മാണം അദ്ധ്യാപകർക്കും ഉൾപ്പെടുത്തി കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. |
| ബി) അനിമേഷൻ സ്ക്രാച്ച് പ്രോഗ്രാമിംഗ് മൾട്ടിമീഡിയാ പ്രസന്റേഷൻ തുടങ്ങിയ മത്സരയിനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കുമോ; | ബി) ഉണ്ട്. ഹൈസ്കൂൾ, ഹയർസെക്കന്ററി - വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങൾക്ക് അനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിങ് മത്സരങ്ങൾ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. രചനയും അവതരണവും എന്ന പേരിൽ ഒരു മണിക്കൂർ കൊണ്ട് തയ്യാറാക്കി പത്ത് മിനിട്ട് നേരിട്ട് അവതരിപ്പിക്കുന്ന രീതിയിൽ മെച്ചപ്പെടുത്തിയ മൾട്ടി മീഡിയാ പ്രസന്റേഷൻ മത്സരവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. സ്വതന്ത്രസോഫ്റ്റ്‌വെയറിൽലഭ്യമായ ആപ്ലിക്കേഷനുകൾ ഉപയോഗിച്ചാണ് മത്സരം. ലഭ്യമാക്കുന്ന വിഭവങ്ങൾ ഉപയോഗിച്ച് ഒരു മണിക്കൂർ കൊണ്ട് 25 സെക്കന്റിൽ കുറയാത്ത ചലന ചിത്രം നിർമ്മിക്കലാണ് ആനിമേഷൻ മത്സരം.നൽകുന്ന വിഷയത്തെ അടിസ്ഥാനമാക്കി സ്ക്രാച്ച് ഉപയോഗിച്ച് ആനിമേഷൻ/ ഗെയിം തയ്യാറാക്കുന്ന മത്സരമാണ് ഒന്ന്. |

(...2)

| | | | |
|---|---|---|---|
| സി) | ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിൽ മത്സര ഇനങ്ങളിലെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | അദ്ധ്യാപകർക്കായി ഐ.ടി മേളകളിൽ ഏതൊക്കെ പുതിയ മത്സരയിനങ്ങൾ ഉൾപ്പെടുത്തിയെന്ന് അറിയിക്കുമോ? | ഡി) | അദ്ധ്യാപകർക്കായി ടീച്ചിംഗ് എയ്ഡ് മത്സരം ഈവർഷം ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ